# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജനുവരി 31**

---

## പ്രഫ. സാബു തോമസിന് ഐഎംടി ഓണററി ഡോക്ടറേറ്റ്

*മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആൻറ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസിന് ഫ്രാൻസിലെ പ്രശസ്ത ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ മൈൻസ് ടെലികോം ഇൻസ്റ്റിറ്റ്യൂട്ടിൻറെ(ഐഎംടി)ഓണററി ഡോക്ടറേറ്റ്. പരിസ്ഥിതി സൗഹൃദ ജൈവ പോളിമെറുകളെക്കുറിച്ചുള്ള പഠന മേഖലയിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അംഗീകാരം.*

*ഫ്രാൻസിലെ ആൽബിയിൽ ഐഎംടി ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ വിൻസെൻറ് ഷാർവെലെറ്റ് പ്രഫ. സാബു തോമസിന് ഡോക്ടറേറ്റ് നൽകി. ഐ.എം.ടി ഡയറക്ടർ ജനറൽ സിസിൽ ദുബൈരി, ഡയറക്ടർ ലയണൽ ലുകിൻ, പ്രഫ. ആംഗ് സീഹു, പ്രഫ. വെസ് ഗ്രോഹെൻസ്, പ്രഫ. അലെയ്ൻ ഡുഫ്രെൻസി തുടങ്ങിയവർ പങ്കെടുത്തു. ജൈവ നാനോ പദാർത്ഥങ്ങളെക്കുറിച്ച് പ്രഫ. സാബു തോമസ് പ്രഭാഷണം നടത്തി.*

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് എന്നിവയുടെ ഡയറക്ടറും തിരുവനന്തപുരത്തെ എൻജിനിയറിംഗ് സയൻസ് ആൻറ് ടെക്നോളജി റിസർച്ച് പാർക്കിൻറെ ചെയർമാനുമാണ് പ്രഫ. സാബു തോമസ്.*

*ഫോട്ടോ ക്യാപ്ഷൻ..*

*ഫ്രാൻസിലെ ആൽബിയിൽ മൈൻസ് ടെലികോം ഇൻസ്റ്റിറ്റ്യൂട്ടിൻറെ ഓണററി ഡോക്ടറേറ്റ് പ്രഫ. സാബു തോമസിന് വിൻസെൻറ് ഷാർവെലെറ്റ് നൽകുന്നു. പ്രഫ. ആൻജ് സീഹു, ലയണൽ ലുകിൻ എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1273/2025)*

## <u>വയോജനങ്ങളുടെ സുരക്ഷയ്ക്ക് നൂതന പദ്ധതികൾ വേണം-പ്രഫ. ജോസഫ് താരാമംഗലം</u>

*വയോജനങ്ങളുടെ സുരക്ഷയും സുഗമ ജീവിതവും ഉറപ്പാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് കാനഡയിലെ മൗണ്ട് സെൻറ് വിൻസെൻറ് സർവകലാശാലയിലെ എമരിറ്റസ് പ്രഫസർ ജോസഫ് താരാമംഗലം പറഞ്ഞു. മാനവ വികസനവും കേരളത്തിലെ ജനസംഖ്യാപരമായ മാറ്റവും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ സംഘടിപ്പിച്ച ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.*

*മാനവ വികസന സൂചികയിൽ കേരളം യൂറോപ്യൻ നിലവാരത്തിനൊപ്പമാണെങ്കിലും ഇവിടുത്തെ വയോജനങ്ങളുടെ പരിചരണം, ആരോഗ്യ സുരക്ഷ, സാമൂഹ്യപിന്തുണ തുടങ്ങിയ മേഖലകളിൽ കൂടുതൽ ഇടപെടലുകൾ ആവശ്യമാണ്. സർക്കാരിൻറെ പ്രവർത്തനങ്ങൾക്കൊപ്പം ജനപങ്കാളിത്തത്തോടെയുള്ള മാതൃകകളും സൃഷ്ടിക്കാനാകണമെന്ന് അദ്ദേഹം നിർദേശിച്ചു.*

*സെൻറർ ഫോർ റൂറൽ മാനേജ്മെൻറ് ഡയറക്ടർ ഡോ. ജോസ് ചാത്തുകുളം, കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ജോയിൻറ് ഡയറക്ടർ ഡോ. വി. മാത്യു കുര്യൻ, ഡോ. മുരളീധരൻ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡവലപ്മെൻറ് സ്റ്റഡീസ് ഡയറക്ടർ ഡോ.പി.പി. നൗഷാദ്,പൗലോസ് മാർ ഗ്രിഗോറിയോസ് ചെയർ പ്രഫസർ റവ ഡോ. കെ.എം. ജോർജ്, നീതു നായർ, പ്രഫ. സനൽ മോഹൻ, പ്രഫ. ജോസഫ്, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ഡയറക്ടർ പ്രഫ.കെ.എം. സീതി എന്നിവർ സംസാരിച്ചു.*

*(പി.ആർ.ഒ/39/1274/2025)*

## പരീക്ഷാ തീയതി

*ആറാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഫെബ്രുവരി 11 മുതൽ നടക്കും.*

…………………

*ഒന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎച്ച്എം, എംഎംഎച്ച്, എംടിഎ, ആൻറ് എംടിടിഎം (സിഎസ്എസ്, 2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷകൾ മാർച്ച് മൂന്നു മുതൽ നടക്കും.*

*(പി.ആർ.ഒ/39/1275/2025)*

## പരീക്ഷാ ഫലം

*അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എംഎ,എംഎസ്സി പ്രോഗ്രാം (2020 അഡ്മിഷൻ റെഗുലർ സെപ്റ്റംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 13 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1276/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**